"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കുന്നതിനായി ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്ക് ഇടുക്കി വില്ലേജിൽ ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 8.9456 ഹെക്ടർ ഭൂമിയുടെ ഉപയോഗവും കൈവശാനുഭവും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ജലസേചന വകുപ്പിന് കൈമാറി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.62/2025/RD തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:-

1. സ.ഉ(കൈ).346/80/എഡി തീയതി 27.09.1980.
2. സ.ഉ(കൈ) നം.98/07/എൽഎസ്ജിഡി തീയതി 30.03.2007.
3. സ.ഉ(സാധാ) നം.524/2010/ത.സ്വ.ഭ.വ, തീയതി 18.02.2010.
4. 18/1/2025-ലെ ജില്ലാ കളക്ടറുടെ DCIDK/2329/2023/C9 നം കത്ത്
5. ലാന്റ് റവന്യൂ കമ്മീഷണറുടെ 25.01.2025 ലെ LR/748/2025-LR(K2) നം കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്ക് ഇടുക്കി വില്ലേജിൽ ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 8.9456 ഹെക്ടർ ഭൂമി ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കുന്നതിനായി ജലസേചന വകുപ്പിന് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. ഇടുക്കി ജില്ലയുടെ രൂപീകരണത്തോടെ ജില്ലാ ആസ്ഥാനത്തിലെ ടൗൺഷിപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പരാമർശം (1) പ്രകാരം ഇടുക്കി വികസന അതോറിറ്റിക്ക് (IDA) കൈമാറുന്നതിനായി അനുമതി നൽകിയതിൽ ഉൾപ്പെട്ടു വരുന്ന ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ സർവ്വെ നമ്പർ 161/1 ൽ പെടുന്ന ഭൂമിയാണ് പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ളത്. പരാമർശം (2) ഉത്തരവ് പ്രകാരം ഇടുക്കി വികസന അതോറിറ്റിയുടെ പ്രവർത്തനം നിർത്തുകയും അതോറിറ്റിയുടെ ആസ്തികളും ബാധ്യതകളും ജില്ലാ പഞ്ചായത്തിലേക്ക് നിക്ഷിപ്തമാക്കുകയും

ഇപ്രകാരം ജില്ലാ പഞ്ചായത്തിനു കൈവശം ലഭിച്ചതിൽ ഉൾപ്പെട്ട സർവ്വേ 161/1 ൽ പെട്ട 106 ഏക്കർ സ്ഥലം ടൂറിസം പദ്ധതിക്കായി ഡി.റ്റി.പി.സിക്ക് അനുവദിക്കുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നതും പെർമിസ്സീവ് സാങ്ഷൻ നൽകാൻ ഇടുക്കി ജില്ലാ പഞ്ചായത്തിന് അനുമതി നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നതും ഇപ്രകാരം നിലവിൽ ഡി.റ്റി.പി.സി യുടെ കൈവശത്തിലുള്ള ടി സ്ഥലത്തു നിന്നും കേരള ഇറിഗേഷൻ വകുപ്പിനു കീഴിലുള്ള വിവിധ പദ്ധതികൾക്കായി ആലിൻചുവട് ക്ഷേത്രത്തിനു സമീപം 25 ഏക്കർ സ്ഥലം ഉപയോഗിക്കുന്നതിൽ ആക്ഷേപമില്ലായെന്ന ഇടുക്കി ഡി.റ്റി.പി.സി എക്സിക്യൂട്ടിവ് കമ്മിറ്റി അറിയിച്ചിട്ടുള്ളതുമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ടി 8.9456 ഹെക്ടർ സ്ഥലം ഇടുക്കി ആലിൻച്ചുവട് ജംഗ്ഷനിൽ നിന്നും ഉദ്ദേശം 300 മീറ്റർ പടിഞ്ഞാറു മാറി സ്ഥിതി ചെയ്യുന്നതും ടി വസ്തുവിന്റെ വടക്കുവശം മിനി ഫുഡ് പാർക്കിനും സാംസ്കാരിക സമുച്ചയത്തിനും കൈമാറുന്ന സ്ഥലവും തെക്കു വശം ഡി.റ്റി.പി.സി യുടെ കൈവശത്തിലുള്ള സ്ഥലവും കിഴക്കു വശം ദേശീയപാത 185 ഉം പടിഞ്ഞാറ് വശം സർക്കാർ വക സ്ഥലവുമാണ്. ടി ഭൂമിക്ക് 43,69,03,104/- രൂപ (നാൽപ്പത്തിമൂന്ന് കോടി അറുപത്തൊമ്പത് ലക്ഷത്തി മൂവായിരത്തി ഒരുന്നൂറ്റിനാല് രൂപ) വില കണക്കാക്കാവുന്നതാണെന്നും ടി സ്ഥലത്ത് വില നിശ്ചയിക്കേണ്ടതായ വൃക്ഷങ്ങളോ ചമയങ്ങളോ ഇല്ലാത്തതുമാണെന്നും ടി ഭൂമി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കുന്നതിനായി, ജലസേചന വകുപ്പിന് കൈമാറി നൽകി നൽകാവുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്ക് ഇടുക്കി വില്ലേജിൽ ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 8.9456 ഹെക്ടർ ഭൂമി, ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കുന്നതിനായി, ഭൂമിയുടെ ഉപയോഗവും കൈവശാനുഭവവും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ജലസേചന വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി പാട്ടത്തിനു / ഉപപാട്ടത്തിനു / തറവാടകയ്ക്കു നൽകുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടില്ല. എന്നാൽ പ്രസ്തുത ഭൂമി സംരംഭകന് /ഏജൻസിക്ക്, പാട്ടത്തിന് / തറവാടകയ്ക്ക് നൽകേണ്ടി വരുന്ന അവസരത്തിൽ 1964ലെ കേരള ഭൂപതിവ് ചട്ടങ്ങൾ പ്രകാരം മാത്രമേ അനുവദിക്കാവൂ.

iv) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും ജലസേചന വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് ;

Vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5.ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ ഇടുക്കി ജില്ല കളക്ടർ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്നേഹലത കെ
ജോയിന്റ് സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം
3. ജില്ലാ കളക്ടർ, ഇടുക്കി
4. ജലസേചന വകുപ്പ്
5. വിവര പൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ)വകുപ്പ്

6.കരുതൽ ഫയൽ (എ2/20/2025)

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 03-03-2025 11:14:11
സെക്ഷൻ ഓഫീസർ